"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് നെന്മേനി പഞ്ചായത്ത് പരിധിയിലുള്ള മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് വ്യക്തിക്ക് ജീവഹാനി സംഭവിക്കാൻ ഉണ്ടായ കാരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മറ്റിയെ നിയോഗിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.707/2024/LSGD തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-

(1) 24.02.2024-ലെ സ.ഉ.(സാധാ)നം.442/ 2024/ LSGD

(2) തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 26.03.2024-ന്നടത്തിയ യോഗത്തിലെ തീരുമാനം

(3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.03.2024-ലെ 1106/C3/2024/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് നെന്മേനി പഞ്ചായത്തിലെ ചുള്ളിയോട് ടൗണിന് സമീപമുള്ള പാഴ്വസ്തു സംഭരണ കേന്ദ്രത്തിൽ 25.03.2024-ൽ സംഭവിച്ച തീപിടിത്തത്തെ തുടർന്ന് സമീപത്തായി കിടന്ന് ഉറങ്ങിയിരുന്ന വ്യക്തിക്ക് ജീവഹാനി സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഒരു സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1.ശ്രീ.അജിത്ത് കുമാർ, അഡീഷണൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (chairperson).

2.ശ്രീ.ഷിജു ചന്ദ്രൻ, senior സോളിഡ് വേസ്റ്റ് കൺസൾട്ടന്റ്, ശുചിത്വമിഷൻ (convenor).

3.ശ്രീ.അഭിലാഷ്.ബി. എൺവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്.

4. വിഘ്നേഷ്.കെ.ആർ., കെ.എസ്.ഡബ്ല്യു.എം.പി. ഡെപ്യൂട്ടി ഡിസ്ട്രിക്ട് കോർഡിനേറ്റർ,കോഴിക്കോട്

5.ശ്രീ.മൂസ വടക്കേതിൽ ,ജില്ലാ ഫയൽ ഓഫീസർ, വയനാട്.

(2) തീപിടുത്തത്തിനുള്ള കാരണം, തീപിടുത്തം തടയുന്നതിന് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ സൂചന ഉത്തരവ് പ്രകാരം ഉണ്ടായിരുന്ന ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു, ക്രമീകരണം നടത്തിയിരുന്നെങ്കിൽ എന്ത് കൊണ്ട് തീപിടുത്തം തടയുന്നതിന് ഫലവത്തായില്ല, പോരായ്മകൾ എന്തെല്ലാമായിരുന്നു, സംഭവത്തിന് ഉത്തരവാദികളാര് എന്നീ വിവരങ്ങൾ അന്വേഷിച്ച് ഏപ്രിൽ 5-നകം സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ,ഫയർ & റെസ്ക്യൂ സർവീസസ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വമിഷൻ.
പ്രോജക്ട് ഡയറക്ടർ, KSWMP
മെമ്പർ സെക്രട്ടറി,മലിനീകരണ നിയന്ത്രണ ബോർഡ്
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കമ്മറ്റി അംഗങ്ങൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 27-03-2024 16:19:26
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്